2026
JANUARY
21
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# മലപ്പുറത്ത് ഷിപ്‌യാർഡ് തുടങ്ങാൻ കേന്ദ്രം

**മലപ്പുറം:** പൊന്നാനി തുറമുഖത്തോട് ചേർന്ന് കപ്പൽ നിർമാണ കേന്ദ്രം വരുന്നു. ഇതിനായി അഴിമുഖം പ്രദേശത്തെ 29 ഏക്കർ ഭൂമി വിട്ടുനൽകും. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയാണ് തുറമുഖം നിർമിക്കുക. പദ്ധതി യാഥാർത്ഥ്യമായാൽ കൊച്ചി ഷിപ്‌യാഡിന് ശേഷം കേരളത്തിലെ രണ്ടാമത്തെ കപ്പൽ നിർമാണ കേന്ദ്രമാകും ഇവിടെ ഉയരുക.

പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. അടുത്ത ആഴ്ച്ചകളിൽ കരാർ ഒപ്പിടാനുള്ള നടപടികളിലേക്ക് കടക്കും. കപ്പൽ നിർമാണ കേന്ദ്രം സ്ഥാപിക്കാൻ വേണ്ട സ്ഥലം കണ്ടെത്തിയാൽ സാമ്പത്തിക സഹായം നൽകാമെന്ന് കേന്ദ്ര സർക്കാർ കേരളത്തിന് കത്തയച്ചിരുന്നു. തുടർന്നാണ് ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നടപടികൾ വേഗത്തിലാക്കിയത്.

കേരള മാരിടൈം ബോർഡിന് കീഴിലുള്ള തുറമുഖത്തിന് സമീപം ചെറു കപ്പലുകൾ നിർമിക്കുന്ന യാർഡ് ഒരുക്കുകയാണ് പദ്ധതിയുടെ ആദ്യ ഘട്ടം. 200 കോടി രൂപയാണ് ഇതിന് നിക്ഷേപം പ്രതീക്ഷിക്കുന്നത്. കൂടാതെ അഴിമുഖത്ത് വാർഫും നിർമിക്കും. നിലവിലെ പുലിമുട്ടിനോട് ചേർന്ന് പഴയ ജങ്കാർ ജെട്ടിക്ക് സമീപമാണ് വാർഫ് നിർമാണത്തിന് സ്ഥലം കണ്ടെത്തിയിരിക്കുന്നത്. പുഴയിൽ അഞ്ച് മീറ്റർ ആഴം ഉറപ്പാക്കുമെന്നും ബന്ധപ്പെട്ട കേന്ദ്രങ്ങൾ വിശദീകരിക്കുന്നു. ഇതോടെ കപ്പലുകൾ



ക്ക് പൊന്നാനിയിലേക്ക് അടുക്കാൻ കഴിയും.

പുതുതായി നിർമിക്കുന്ന യാർഡിനോട് ചേർന്ന് പരിശീലന കേന്ദ്രവും സ്ഥാപിക്കാൻ പദ്ധതിയുണ്ട്. കപ്പൽ നിർമാണ കേന്ദ്രം പ്രവർത്തനം തുടങ്ങിയാൽ തുറമുഖം വഴി ചരക്ക് നീക്കവും ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷ. ഇതോടെ മലബാറിലെ വ്യവസായങ്ങൾക്കും പുതിയ കുതിപ്പാകും. അടുത്ത ഘട്ടമായി വലിയ കപ്പലുകളും ക്രൂയിസ് കപ്പലുകളും നിർമിക്കാനാണ് ആലോചിക്കുന്നത്. ഇതിനായി പത്ത് വർഷങ്ങൾക്കുള്ളിൽ 1,000 കോടി രൂപയുടെ നിക്ഷേപമെത്തും. കൊച്ചിയിലേത് പോലെ വലിയ കപ്പൽ നിർമാണ കേന്ദ്രമാക്കി പൊന്നാനിയെ മാറ്റാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. പദ്ധതി യാഥാർത്ഥ്യമായാൽ 1,000 പേർക്കെങ്കിലും തൊഴിൽ അവസരം നൽകാനാകുമെന്നാണ് പ്രതീക്ഷ.

രാജ്യത്തെ കപ്പൽ നിർമാണ മാരിടൈം മേഖലയ്ക്ക് കേന്ദ്രസർക്കാർ കഴിഞ്ഞ വർഷം 69,725 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. അടുത്തിടെ ഇതിന് കീഴിലുള്ള രണ്ട് പദ്ധതികളുടെ മാർഗരേഖയും കേന്ദ്രം പുറത്തിറക്കി. രാജ്യത്ത് നിർമിക്കുന്നതും പൊളിക്കുന്നതുമായ കപ്പലുകൾക്കുള്ള ധനസഹായം നൽകുന്ന 24,736 കോടി രൂപയുടെ പദ്ധതിയാണ് ഇതിലൊന്ന്.

കൂടാതെ പുതിയ ഷിപ്പ് ബിൽഡിംഗ് ക്ലസ്റ്ററുകൾക്ക് 100 ശതമാനം വരെ സാമ്പത്തിക സഹായം നൽകുന്ന 19,989 കോടി രൂപയുടെ മറ്റൊരു പദ്ധതിയുമുണ്ട്. നിലവിലുള്ള കപ്പൽ നിർമാണ കേന്ദ്രങ്ങളുടെ ശേഷി വർധിപ്പിക്കുന്നതിന് 25 ശതമാനം സാമ്പത്തിക സഹായം നൽകാനും പദ്ധതിയിൽ വ്യവസ്ഥയുണ്ട്. മാർച്ച് 2036 വരെയാണ് പദ്ധതിയുടെ കാലാവധി. 2047 വരെ നീട്ടാൻ കഴിയും.



# കേരളത്തിൽ നിന്നുള്ള കോഴി ഇറക്കുമതിക്ക് ഒമാനിൽ നിരോധനം

**മസ്കത്ത്:** വെറ്ററിനറി അധികാരികളിൽ നിന്നുള്ള ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ നിന്നുള്ള കോഴികളുടെയും അനുബന്ധ ഉൽപന്നങ്ങളുടെയും ഇറക്കുമതിക്ക് നിരോധനം ഏർപ്പെടുത്തി ഒമാൻ. റോയൽ ഡിക്രി നമ്പർ 45/2004 പ്രകാരം പുറപ്പെടുവിച്ച വെറ്ററിനറി ക്വാറന്റൈൻ നിയമവും അതിന്റെ എക്സിക്യൂട്ടീവ് റെഗുലേഷനുകളും അടിസ്ഥാനമാക്കിയുള്ള നടപടിയാണിതെന്നും കൃഷി, മത്സ്യബന്ധന, ജലവിഭവ മന്ത്രാലയം അറിയിച്ചു.

പൊതുജനാരോഗ്യവും മൃഗാരോഗ്യ സുരക്ഷയും ഉറപ്പാക്കാനുള്ള മുൻകരുതൽ നടപടിയാണ് ഇറക്കുമതി നിരോധനം. നിരോധനത്തിന്റെ കാരണങ്ങൾ നീങ്ങുന്നതുവരെ വിലക്ക് തുടരും. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കോഴികളുടെയും അനുബന്ധ ഉൽപന്നങ്ങളുടെയും ഇറക്കുമതിക്ക് നേരത്തെ നിരോധനം ഏർപ്പെടുത്തുകയും പിന്നീട് വിലക്ക് പിൻവലിക്കുകയും ചെയ്തിരുന്നു.

അതേസമയം, ലോക മൃഗാരോഗ്യ സംഘടന പുറപ്പെടുവിച്ച ടെറസ്ട്രിയൽ അനിമൽ ഹെൽത്ത് കോഡ് അനുസരിച്ച് ഹീറ്റ് ട്രീറ്റ്മെന്റ് നടത്തിയതോ മറ്റു രീതിയിൽ പ്രോസസ് ചെയ്തതോ ആയ ഉൽപന്നങ്ങൾക്ക് ഈ നിരോധനം ബാധകമാകില്ലെന്നും കൃഷി, മത്സ്യബന്ധന, ജലവിഭവ മന്ത്രാലയം അറിയിച്ചു.

# ഇന്ത്യയിലെ നിക്ഷേപം ഇരട്ടിയാക്കാൻ സ്വീഡിഷ് ഫർണിച്ചർ കമ്പനി

**ന്യൂഡൽഹി:** മൾട്ടിനാഷണൽ സ്വീഡിഷ് ഫർണീച്ചർ നിർമാതാക്കളായ ഐകിയ ഇന്ത്യയിലെ നിക്ഷേപം ഇരട്ടിയാക്കി 220 കോടിലെത്തിക്കാൻ ഒരുങ്ങുന്നു. ഇന്ത്യയിലെ ബിസിനസ് വളർച്ച കാണിക്കുന്ന സാഹചര്യത്തിലാണ് ഇവർ വിപുലീകരണത്തിന് ഒരുങ്ങുന്നത്.

2018ൽ ഹൈദരാബാദിലാണ് ഇവർ ഇന്ത്യയിലെ ആദ്യത്തെ സ്റ്റോർ തുറക്കുന്നത്. ചെന്നൈ, കോയമ്പത്തൂർ ഉൾപ്പെടെയുള്ള മറ്റ് നാലു നഗരങ്ങളിൽനിന്നും ഐകിയ ഓൺലൈൻ ഓർഡറുകൾ സ്വീകരിച്ചു തുടങ്ങും. ഭാവിയിൽ ഞങ്ങളുടെ ഏറ്റവും മികച്ച വിപണികളിലൊന്നായി ഇന്ത്യ മാറുമെന്നു പ്രതീക്ഷയുണ്ടെന്ന് ഐകിയ ഇന്ത്യ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പാട്രിക് ആൻറണി പറഞ്ഞു. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഐകിയ ഇന്ത്യയിലെ നിക്ഷേപം ഇരട്ടിയാക്കും. ഐകിയയുടെ ഇന്ത്യയിലെ വില്പന 2025 ഓഗസ്റ്റിൽ ആറു ശതമാനം വർധിച്ച് 1,861 കോടി രൂപയിലെത്തി. സ്റ്റോറുകളുടെ എണ്ണം 30 ആയി ഉയർത്തും.

കഴിഞ്ഞ വർഷം അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഇന്ത്യയിൽനിന്നുള്ള ചില ഉത്പന്നങ്ങളുടെ ഇറക്കുമതി തീരുവ 50 ശതമാനം വരെയായി കൂട്ടിയിരുന്നു. ഐകിയയുടെ ഭൂരിഭാഗം സ്റ്റോറുകളും യൂറോപ്പിലായതിനാലും ഉത്പന്നങ്ങൾ മറ്റ് വിപണികളിലേക്ക് അയയ്ക്കുന്നതിനാലും ഇന്ത്യയിലെ വിതരണക്കാരെ ഇതു കാര്യമായി ബാധിച്ചിട്ടില്ല.

# പ്രധാനമന്ത്രി 23ന് തിരുവനന്തപുരത്ത്

**തിരുവനന്തപുരം:** പ്രധാനമന്ത്രി നരേന്ദ്ര മോദി 23ന് രാവിലെ 10.30ന് വിമാനത്താവളത്തിലെത്തും. രണ്ടു മണിക്കൂറാണ് സംസ്ഥാനത്തെ പരിപാടികൾ. റെയിൽവേയുടെ നാല് പുതിയ ട്രെയിനുകളുടെ ഫ്ളാഗ് ഓഫ് നിർവഹിക്കും. തിരുവനന്തപുരം നഗരവികസന രേഖയുടെ പ്രഖ്യാപനവും പൊതു സമ്മേളനവുമാണ് രണ്ടാമത്തെ പരിപാടി. രണ്ടു പരിപാടികളും പുത്തരിക്കണ്ടം മൈതാനത്ത് നടക്കും. റെയിൽവേക്കായി പ്രധാനവേദിക്കു സമീപം 500 പേർക്ക് ഇരിക്കാവുന്ന പ്രത്യേക വേദി ഒരുക്കാനാണ് തീരുമാനം. റെയിൽവേയുടെ പരിപാടി 10.45നു മുൻപ് അവസാനിക്കും. അതിനു ശേഷമാണ് ബിജെപിയുടെ പൊതുസമ്മേളനം. തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം ജില്ലകളിലെ പഞ്ചായത്തുതല ഭാരവാഹികളാണ് യോഗത്തിനെത്തുന്നത്.






# ഇന്നത്തെ പരിപാടികൾ

## കൊച്ചി ബിനാലെ

### ഫോർട്ട് കൊച്ചി

- **ഫോർട്ട് കൊച്ചി വാട്ടർ മെട്രോ സ്റ്റേഷൻ, എബിസി ആർട്ട് റൂം:** ഫോറേജ്ഡ്: പ്രകൃതിദത്ത വസ്തുക്കളും സുസ്ഥിര നിർമ്മാണ രീതികളും പരിചയപ്പെടുത്തുന്ന ശിൽപ്പശാല രാവിലെ 10 മുതൽ
- **ഫോർട്ട് കൊച്ചി, ബാസ്റ്റ്യൻ ബംഗ്ലാവ്:** ലഭ്യമായ വസ്തുക്കൾ കൂട്ടിച്ചേർത്തുള്ള നിർമ്മാണ രീതികളിലെ പരീക്ഷണങ്ങൾ എന്ന വിഷയത്തിൽ ശിൽപ്പശാല രാവിലെ 10 മുതൽ
- **എറണാകുളം മംഗളവനം പക്ഷിസങ്കേതം:** അനാഹത നാദം ശിൽപ്പശാല രാവിലെ 10 മുതൽ
- **ബാസ്റ്റിൻ ബംഗ്ലാവ്, പവലിയൻ:** സോയിൽ അംസംബ്ലി ഉച്ച കഴിഞ്ഞ് 02 മുതൽ

## കൊച്ചി

- **എറണാകുളം അവന്യൂ റീജന്റ് ഹോട്ടൽ:** ഇന്ത്യാ-മാലദ്വീപ് അന്താരാഷ്ട്ര സമ്മേളനം രാവിലെ 10 മുതൽ
- **എറണാകുളം മുൻസിപ്പൽ ടൗൺ ഹാൾ:** സംസ്ഥാന തല തപാൽ സ്റ്റാമ്പ് പ്രദർശനം- രാവിലെ 10 മുതൽ.
- **പച്ചാളം തച്ചപ്പുഴ ദേവീ ക്ഷേത്രം:** മകരപ്പൊങ്കാല രാവിലെ 10 മുതൽ




**അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിന് ലഭിച്ച ഐ എസ് ടി ഇ അവാർഡ് ഐ സി ടി അക്കാദമി സി ഇ ഓ മുരളീധരൻ മണ്ണിങ്ങൽ, മുൻ സി ഡിറ്റ് ഡയറക്ടർ ഡോ. അച്യുത് ശങ്കർ എന്നിവരിൽ നിന്ന് വൈസ് പ്രിൻസിപ്പൽ ഡോ. പി ആർ മിനി ഏറ്റുവാങ്ങുന്നു ഡോ. ബി അനിൽ, അനിഷ ജോസഫ്, ഡോ. ആഷാ ജോസഫ് ഡോ. സി സുനിത, ഡോ. ജീവ, ശരത് ബാബു രാമചന്ദ്രൻ, ഡോ. പി ആർ ഷാലിജ്, തുടങ്ങിയവർ സമീപം**

# ഫിസാറ്റ് എൻജിനിയറിങ് കോളേജിന് ഐ എസ് ടി ഇ അവാർഡ്

**കൊച്ചി:** ഇന്ത്യൻ സൊസൈറ്റി ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ സംസ്ഥാന തല അവാർഡ് അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിന് ലഭിച്ചു. തൃശൂർ വിദ്യ എൻജിനിയറിങ് കോളേജിൽ വച്ച് നടന്ന ചടങ്ങിൽ വൈസ് പ്രിൻസിപ്പൽ ഡോ. പി ആർ മിനി അവാർഡ് ഏറ്റുവാങ്ങി.

കഴിഞ്ഞ അക്കാദമിക് വർഷത്തിൽ ഏറ്റവും കൂടുതൽ സർഗാത്മകമായ പരിപാടികൾ അവതരിപ്പിച്ച കോളേജിനുള്ള അംഗീകാരമാണ് ഫിസാറ്റിന് ലഭിച്ചത്. ഇതിനു മുൻപും ഇന്ത്യൻ സൊസൈറ്റിഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെ നിരവധി അംഗീകാരങ്ങൾ ദേശിയ തലത്തിലും സംസ്ഥാന തലത്തിലും ലഭിച്ചിട്ടുണ്ട്. കൂടാതെഐ എസ് ടി ഇ അവാർഡ് വിഭാഗത്തിൽ ഏറ്റവും മികച്ച അധ്യാപികയ്ക്കുള്ള അവാർഡും ഫിസാറ്റിലെ സിവിൽ എൻജിനിയറിങ് വിഭാഗം അധ്യാപിക ഡോ ആഷാ ജോസഫിന് ലഭിച്ചു. ഐ എസ് ടി ഇ ദേശിയ തലത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ രാജ്യത്തെ വളർന്നു വരുന്ന മികച്ച സ്ഥാപനങ്ങളുടെ വിഭാഗത്തിൽ ഫിസാറ്റിന് ദേശിയ അംഗീകാരം പോണ്ടിച്ചേരിയിൽ വച്ച് ലഭിച്ചിരുന്നു. ചടങ്ങിൽ ഐ സി ടി അക്കാദമി സി.ഇ.ഓ മുരളീധരൻ മണ്ണിങ്ങൽ, മുൻ സി ഡിറ്റ് ഡയറക്ടർ ഡോ അച്യുത് ശങ്കർ എന്നിവർ ചേർന്ന് അവാർഡ് വിതരണം ചെയ്തു. ചടങ്ങിൽ ഐ എസ് ടി ഇ കേരള സെക്ഷൻ മാനേജിങ് കമ്മിറ്റി മെമ്പർ ഡോ. ബി അനിൽ, മുൻ ഡയറക്ടർ ടെക്നിക്കൽ എഡ്യൂക്കേഷനും ഐ എസ് ടി ഇ നാഷണൽ കമ്മീഷൻ മാനേജിങ് കമ്മിറ്റി മെമ്പറുമായ ഡോ. പി ആർ ഷാലിജ്, വിദ്യ എൻജിനിയറിങ് കോളേജ് പ്രിൻസിപ്പൽ ഡോ. സി സുനിത, എ ഐ എം എൽ വിഭാഗം മേധാവി ഡോ. ജീവ, വിദ്യ ഐ എസ് ടി ഇ സെക്രട്ടറി ശരത് ബാബു രാമചന്ദ്രൻ ഐ എസ് ടി ഇ ഫിസാറ്റ് സെക്രട്ടറി ഡോ ആഷാ ജോസഫ്, കോ ഓർഡിനേറ്റർ അനീഷാ ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

# ‘പഠനം പാൽപ്പായം’; വിദ്യാർത്ഥികൾക്കായി സെമിനാർ നടത്തി



**കോലഞ്ചേരി :** ഹിൽ വ്യു പബ്ലിക്ക് സ്ക്കൂളിലെ 9,10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി ‘പഠനം പാൽപ്പായസം’ എന്ന വിഷയത്തിൽ അഡ്വ. ചാർളി പോളിന്റെ നേതൃത്വത്തിൽ സെമിനാർ നടത്തി. എങ്ങനെ പഠിക്കണം, പരീക്ഷ എഴുതണം, രസകരമായ പഠന തിയറികൾ, ഓർമ്മയുടെ ശാസ്ത്രം, മൾട്ടിപ്പിൾ ഇന്റലിജെൻസ്, എപ്ലസ് നേടാനുള്ള വഴികൾ എന്നിവ സംബന്ധിച്ച ബോധവൽക്കരണമായിരുന്നു സെമിനാറിൽ പ്രധാനമായും ലക്ഷ്യം വെച്ചത്.

# മുൻ സൈനികർക്കായി തൊഴിൽ മേള സംഘടിപ്പിച്ചു



**കൊച്ചി:** ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്സെർവിസ്മെൻ വെൽഫെയറിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഡയറക്ടറേറ്റ് ജനറൽ റീസെറ്റിൽമെന്റ് മുൻ സൈനികർക്കായി തൊഴിൽ മേള സംഘടിപ്പിച്ചു. കൊച്ചി നേവൽ ബേസ് ഐഎൻഎസ് വെണ്ടുരുത്തിയിൽ സംഘടിപ്പിച്ച തൊഴിൽ മേള നാവിക സേന ദക്ഷിണ മേഖല ചീഫ് ഓഫ് സ്റ്റാഫ് റിയർ അഡ്മിറൽ ഉപാൽ കുണ്ടു ഉദ്ഘാടനം ചെയ്തു.

പോപ്പുലർ വെഹിക്കിൾസ് വൈസ് പ്രസിഡന്റ് കെ.ജെ ബെന്നി മുഖ്യാതിഥിയായിരുന്നു.ഏകദേശം 1000 ഒഴിവുകൾ വാഗ്ദാനം ചെയ്യുന്ന തൊഴിൽ മേളയിൽ കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ്, ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, എൽ ആന്റ് ടി , പോപ്പുലർ മോട്ടോഴ്സ് ഉൾപ്പെടെ 43 ദേശീയ,അന്താരാഷ്ട്ര കമ്പനികളും 800 ലധികം മുൻസൈനികരും പങ്കെടുത്തു.

# ഐഎൻഎസ് സുദർശിനിയുടെ മഹാസമുദ്ര പര്യടനം തുടങ്ങി



**കൊച്ചി:** ഇന്ത്യൻ നാവികസേനയുടെ സെയിൽ ട്രെയിനിംഗ് കപ്പൽ ‘ഐഎൻഎസ് സുദർശിനി’ പത്ത് മാസക്കാലം നീളുന്ന ലോകായൻ 26 മഹാസമുദ്ര പര്യടനത്തിനായി പുറപ്പെട്ടു. കൊച്ചി ദക്ഷിണമേഖലാ നാവികാസ്ഥാനത്ത് നടന്ന ചടങ്ങിൽ സൗതേൺ നാവിക കമാൻഡന്റ് ഫ്ളാഗ് ഓഫീസർ കമാൻഡിംഗ് ഇൻചീഫ്, വൈസ് അഡ്മിറൽ സമീർ സക്സേന കപ്പൽ ഫ്ളാഗ് ഓഫ് ചെയ്തു.

ഐഎൻഎസ് സുദർശിനി ഇന്ത്യയുടെ ‘ആഗോള അംബാസഡർ’ ആണെന്ന് വൈസ് അഡ്മിറൽ സമീർ സക്സേന പറഞ്ഞു. ഈ യാത്ര സമുദ്രങ്ങളെയും അതിർത്തികളെയും കടന്ന് ലോകമെമ്പാടും ‘സൗഹൃദത്തിന്റെ പാലങ്ങൾ’ പണിയുന്നതാണെന്നും അദ്ദേഹം പറഞ്ഞു. ലോകായൻ 26 സ്മാരകഫലകവും ചടങ്ങിൽ അദ്ദേഹം അനാവരണം ചെയ്തു.

സീനിയർ ഓഫീസർമാർ, നാവികസമൂഹത്തിലെ അംഗങ്ങൾ, സ്കൂൾ വിദ്യാർത്ഥികൾ, കപ്പൽ ജീവനക്കാരുടെ കുടുംബാംഗങ്ങൾ തുടങ്ങിയവരും ചടങ്ങിൽ സാക്ഷികളായി. വസുധൈവ കുടുംബകം എന്ന ആത്മാവിനെയും മഹാസാഗർ എന്ന ദർശനത്തെയും ആധാരമാക്കി, സമുദ്രങ്ങൾക്കപ്പുറം സൗഹൃദത്തിന്റെ പാലങ്ങൾ പണിയുന്നതാണ് ലോകായൻ 26 ദൗത്യത്തിന്റെ ലക്ഷ്യം.

ഇന്ത്യയുടെ സമുദ്രയാന പൈതൃകം ലോകത്തിന് മുന്നിൽ അവതരിപ്പിച്ച് സഹകരണവും വിശ്വാസവും വളർത്തുന്ന ആഗോള യാത്ര ഇന്ത്യയുടെ ആഗോള സമുദ്ര പ്രവർത്തനങ്ങളിലെ പ്രാധാന്യവും, പ്രൊഫഷണൽ പരിശീലനത്തോടും സമുദ്ര സെയിലിംഗ് മികവിനോടും ഇന്ത്യൻ നാവികസേന പുലർത്തുന്ന പ്രതിബദ്ധതയും ഉയർത്തിക്കാട്ടുന്നതാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# തേവരയിൽ ഫിഷ് ലാൻഡിംഗ് സെന്റർ യാഥാർത്ഥ്യമാകുന്നു

**കൊച്ചി:** എറണാകുളം തേവര പണ്ഡിറ്റ് കറുപ്പൻ റോഡിലെ ഫിഷറീസ് സ്കൂളിന് സമീപം ആധുനിക ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മിക്കാൻ സംസ്ഥാന സർക്കാർ ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയതോടെ പ്രദേശത്തെ മത്സ്യതൊഴിലാളികൾക്ക് വലിയ ആശ്വാസമായി. വേമ്പനാട് കായലിൽ എക്കൽ അടിഞ്ഞുകൂടി വഞ്ചികൾ ഇറക്കുന്നതിനും മത്സ്യബന്ധന പ്രവർത്തനങ്ങൾ നടത്തുന്നതിനും ഉണ്ടായിരുന്ന തടസ്സങ്ങൾ പരിഹരിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി ലാൻഡിംഗ് ബർത്ത് നിർമ്മിക്കുകയും സമീപ പ്രദേശത്ത് ഡ്രെഡ്ജിംഗ് നടത്തുകയും ചെയ്യും. പദ്ധതിക്ക് 1,00,00,000 രൂപ (ജിഎസ്ടി ഉൾപ്പെടെ) അനുവദിച്ചതായി ടി ജെ വിനോദ് എം.എൽ.എ അറിയിച്ചു. ആദ്യഘട്ടത്തിൽ പദ്ധതിയുടെ നടപ്പാക്കൽ ഏജൻസിയായി ഫിഷറീസ് വകുപ്പിനെയാണ് സർക്കാർ നിശ്ചയിച്ചിരുന്നത്. എന്നാൽ, സാങ്കേതികമായ പരിമിതികളും പ്രവർത്തനപരമായ അസമർത്ഥതകളും കാരണം പദ്ധതി മുന്നോട്ടുപോകാതെ താമസിക്കുകയായിരുന്നു.

എം.എൽ.എയുടെ നിരന്തരമായ ഇടപെടലുകളെയും സർക്കാർതല ചർച്ചകളെയും തുടർന്നാണ് നടപ്പാക്കൽ ഏജൻസി മേജർ ഇറിഗേഷൻ വകുപ്പായി മാറ്റാൻ സർക്കാർ തീരുമാനിച്ചത്. ഇതോടെ പദ്ധതി സാങ്കേതികമായി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാൻ കഴിയുമെന്ന് ബന്ധപ്പെട്ട വകുപ്പുകൾ വിലയിരുത്തുന്നു. 2025–26 സംസ്ഥാന ബജറ്റിൽ തന്നെ 'തേവര ഫിഷ് ലാൻഡിംഗ് സെന്റർ' എന്ന പദ്ധതി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും, നടപ്പാക്കൽ ഏജൻസി മാറ്റം ഉൾപ്പെടെയുള്ള കാര്യങ്ങൾ തീർപ്പാക്കിയ ശേഷമാണ് ഇപ്പോൾ അന്തിമ ഭരണാനുമതി ലഭിച്ചിരിക്കുന്നത്.

സർക്കാർ ഉത്തരവുപ്രകാരം, ഡ്രെഡ്ജിംഗ് നടത്തുന്ന മണ്ണ് നിക്ഷേപിക്കാൻ അനുയോജ്യമായ സ്ഥലം മുൻകൂട്ടി കണ്ടെത്തേണ്ടതുണ്ട്. പ്രദേശത്തെ മത്സ്യതൊഴിലാളികൾ വർഷങ്ങളായി ആവശ്യപ്പെട്ടിരുന്ന ഈ അടിസ്ഥാന സൗകര്യം യാഥാർത്ഥ്യമാകുന്നതോടെ, ബോട്ടുകളുടെ സുരക്ഷിതമായ ലാൻഡിംഗ്, മത്സ്യവിപണനം, തൊഴിൽസൗകര്യം എന്നിവയിൽ വലിയ പുരോഗതി ഉണ്ടാകുമെന്നാണ് പ്രതീക്ഷ.

ടി.ജെ. വിനോദ് എം.എൽ.എയുടെ സമയബന്ധിതമായ ഇടപെടലും ശക്തമായ പിന്തുടർച്ചയും ഇല്ലായിരുന്നെങ്കിൽ ഈ പദ്ധതി ഇനിയും ഫയലുകളിൽ കുടുങ്ങിക്കിടക്കുമായിരുന്നുവെന്നതാണ് പൊതുവായ വിലയിരുത്തൽ. ഇപ്പോൾ, മേജർ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തികൾ വേഗത്തിൽ ആരംഭിച്ച് തേവരയിലെ മത്സ്യതൊഴിലാളികളുടെ വർഷങ്ങളായുള്ള കാത്തിരിപ്പ് അവസാനിപ്പിക്കുമെന്ന പ്രതീക്ഷയിലാണ് പ്രദേശവാസികൾ.

# കിണറുകളിലെ ഇന്ധന സാനിധ്യം : ടാങ്കുകളുടെ സമ്മർദ്ദ പരിശോധന നടപടികൾ തുടങ്ങി



**കണ്ണൂർ:** കിണർ വെള്ളത്തിൽ ഇന്ധന സാന്നിധ്യമുണ്ടെന്ന പള്ളിക്കുന്ന് ജയ് ജവാൻ റോഡ് നിവാസികളുടെ പരാതിയിൽ കണ്ണൂർ സെൻട്രൽ ജയിൽ നടത്തുന്ന പെട്രോൾ പമ്പിലെ ഇന്ധന ടാങ്കുകളുടെ സമ്മർദ്ദ പരിശോധനയുടെ പ്രാഥമിക നടപടികൾക്ക് തുടക്കം. സമ്മർദ്ദ പരിശോധനയുടെ ആദ്യപടിയായി ടാങ്കുകളിലെ ഇന്ധനം നീക്കം ചെയ്യാനാരംഭിച്ചു. ഇന്ധനം പൂർണ്ണമായും നീക്കിയശേഷം ബുധനാഴ്ചയോടെ ടാങ്കുകളിൽ വെള്ളം നിറച്ച് സമ്മർദ്ദ പരിശോധന നടത്തും. കെ.വി.സുമേഷ് എം.എൽ.എയുടെ സാന്നിധ്യത്തിലാണ് പ്രവൃത്തിക്ക് തുടക്കമിട്ടത്.

20000 ലിറ്റർ സംഭരണ ശേഷിയുള്ള മൂന്ന് ഇന്ധന ടാങ്കുകളാണ് പള്ളിക്കുന്ന് പെട്രോൾ പമ്പിൽ ഉള്ളത്. ഇവയിൽ ആദ്യത്തെ ടാങ്കിൽ നിന്നുള്ള ഇന്ധനമാണ് നീക്കം ചെയ്യാനാരംഭിച്ചത്. ഈ ടാങ്കിന്റെ സമ്മർദ്ദ പരിശോധന പൂർത്തിയായ ശേഷം വരും ദിവസങ്ങളിൽ ശേഷിക്കുന്ന രണ്ടു ടാങ്കുകളുടെയും സമ്മർദ്ദ പരിശോധന നടത്തും. എഡിഎം കലാ ഭാസ്കറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കണ്ണൂർ സെൻട്രൽ ജയിൽ നടത്തുന്ന പമ്പിലെ മുഴുവൻ ടാങ്കുകളുടെ സമ്മർദ്ദ പരിശോധന ഒരാഴ്ചയ്ക്കകം പൂർത്തിയാക്കണമെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷന് നിർദ്ദേശം നൽകിയിരുന്നു. കിണർ വെള്ളത്തിൽ ഇന്ധന സാന്നിധ്യമുണ്ടെന്ന ജയ് ജവാൻ റോഡ് നിവാസികളുടെ പരാതിയിൽ കെ.വി സുമേഷ് എം എൽ എയുടെ സാന്നിധ്യത്തിൽ കലക്ടറുടെ ചേംബറിൽ നടന്ന യോഗത്തിന്റെ തീരുമാന പ്രകാരമായിരുന്നു നടപടി. കണ്ണൂർ കോർപ്പറേഷൻ പള്ളിക്കുന്ന് ഡിവിഷൻ കൗൺസിലർ ദീപ്തി വിനോദ്, നാലാം ഡിവിഷൻ കൗൺസിലർ പി.മഹേഷ്, ജയിൽ സൂപ്രണ്ട് കെ.വേണു, അസിസ്റ്റന്റ് സൂപ്രണ്ടുമാരായ പി.ടി.സന്തോഷ്, പ്രദീപ്കുമാർ, ഇന്ത്യൻ ഓയിൽ കോർപറേഷൻ സെയിൽസ് മാനേജർ, റെസിഡന്റ്സ് അസോസിയേഷൻ സെക്രട്ടറി കെ.സി. ശ്രീജിത്ത് എന്നിവർ സന്നിഹിതരായി.

## ഇന്ത്യാ – മാലദ്വീപ് അന്താരാഷ്ട്ര സമ്മേളനത്തിന് കൊച്ചിയിൽ തുടക്കം




**കൊച്ചി:** ഇന്ത്യൻ സമുദ്രമേഖലയിലെ സുരക്ഷയും സഹകരണവും ലക്ഷ്യമിട്ട് കൊച്ചിയിലെ സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച്, ന്യൂഡൽഹിയിലെ ഇന്ത്യൻ കൗൺസിൽ ഓഫ് വേൾഡ് അഫയേഴ്സ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 'ഇന്ത്യ ആന്റ് മാലദ്വീപ്: സെയിലിംഗ് ദി മഹാ സാഗർ ടുഗദർ' എന്ന രണ്ട് ദിവസത്തെ അന്താരാഷ്ട്ര സമ്മേളനത്തിന് കൊച്ചിയിൽ തുടക്കമായി.

കൊച്ചി അവന്യൂ റീജന്റ് ഹോട്ടലിൽ ആരംഭിച്ച സമ്മേളനം ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഡിസ്ട്രിക്റ്റ് നമ്പർ 4 (കേരള ആന്റ് മാഹി) കമാൻഡർ ഡി.ഐ.ജി. ആശിഷ് മെഹ്റോത്ര ഉദ്ഘാടനം ചെയ്തു. ആഗോള അധികാരം ഏഷ്യയിലേക്ക് കേന്ദ്രീകരിക്കുമ്പോൾ ഇന്ത്യൻ സമുദ്രം വ്യാപാരത്തിന്റെയും ഊർജത്തിന്റെയും വിവരവിനിമയത്തിന്റെയും പ്രധാന പാതയായി മാറിയിരിക്കുന്നുവെന്ന് ആശിഷ് മെഹ്റോത്ര പറഞ്ഞു. പൊതുവായ ആശങ്കകൾക്ക് പൊതുവായ പരിഹാരങ്ങൾ ആവശ്യമാണ്.

പ്രാദേശിക സ്ഥിരത ഉറപ്പാക്കാൻ ഇന്ത്യ-മാലദ്വീപ് പങ്കാളിത്തം ഒരു തിരഞ്ഞെടുപ്പല്ല, മറിച്ച് അതൊരു അനിവാര്യതയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മുൻ വൈസ് ചീഫ് ഓഫ് നേവൽ സ്റ്റാഫും നാഷണൽ മാരിടൈം സെക്യൂരിറ്റി കോർഡിനേറ്ററുമായിരുന്ന വൈസ് അഡ്മിറൽ ജി. അശോക് കുമാർ, മാലദ്വീപ് പോളിസി തിങ്ക് ടാങ്ക് അധ്യക്ഷയും മുൻ ഡെപ്യൂട്ടി സ്പീക്കറുമായ ഈവ അബ്ദുള്ള, ഡോ. ഡി. ധനുരാജ്, ഡോ. ടി.സി. കാർത്തികേയൻ, ഡോ. ഗായത്രി ഗോപാൽ എന്നിവർ പങ്കെടുത്തു. ഡോ. പൂജാഭട്ട് തുടങ്ങിയവർ സംസാരിച്ചു.

## ഗസ്റ്റ് ലക്ചറർ നിയമനം

**തിരുവനന്തപുരം:** സർക്കാർ സംസ്കൃത കോളേജിൽ ന്യായ വിഭാഗത്തിൽ നിലവിലുള്ള ഒഴിവിലേക്ക് ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നു. ഇതിനായി ഉദ്യോഗാർഥികളുടെ അഭിമുഖം 27ന് പകൽ 11ന് പ്രിൻസിപ്പാളിന്റെ ചേമ്പറിൽ വച്ച് നടത്തുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ മേഖലാ ഓഫീസിൽ ഗസ്റ്റ് അധ്യാപകരുടെ പാനലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾ യോഗ്യത, ജനന തീയതി, മുൻപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ പകർപ്പ് സഹിതം അഭിമുഖത്തിന് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471 2322930, 9188900159.

## സ്പോട്ട് അലോട്ട്മെന്റ്

**തിരുവനന്തപുരം:** പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഫാർമസി, ഹെൽത്ത് ഇൻസ്പെക്ടർ മറ്റ് പാരാമെഡിക്കൽ കോഴ്സുകൾക്ക് 2025-26 വർഷത്തെ സർക്കാർ/സ്വാശ്രയ കോളേജുകളിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിലേക്കുള്ള അവസാനഘട്ട സ്പോട്ട് അലോട്ട്മെന്റ് എൽ.ബി.എസ്സ് ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകളിൽ വച്ച് ജനുവരി 23 ന് നടത്തും. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർക്ക് രാവിലെ 11 മണിയ്ക്കകം ഏതെങ്കിലും എൽ.ബി.എസ്സ് ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകളിൽ നേരിട്ട് ഹാജരായി ഈ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാം. നേരിട്ട് ഹാജരാകാൻ കഴിയാത്തവർ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള Authorisation form മുഖേന പങ്കെടുക്കാവുന്നതാണ്. മുൻ അലോട്ട്മെന്റുകൾ വഴി ഏതെങ്കിലും സ്വാശ്രയ കോളേജുകളിൽ പ്രവേശനം ലഭിച്ചവർ നിർബന്ധമായും നിരാക്ഷേപപത്രം ഓൺലൈനായി അതത് കോളേജുകളിൽ നിന്നും ലഭ്യമാക്കണം. പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം അപ്പോൾ തന്നെ ടോക്കൺ ഫീസ് ഒടുക്കേണ്ടതാണ്.

## ഔഷധസസ്യ ബോർഡിൽ ക്ലർക്ക്

**തിരുവനന്തപുരം:** സംസ്ഥാന ഔഷധസസ്യ ബോർഡിൽ ക്ലർക്ക് തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനത്തിന് സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യത വേണം. കംപ്യൂട്ടർ ആപ്ലിക്കേഷനിൽ ഡിപ്ലോമയും ഉണ്ടായിരിക്കണം. ഓഫീസ് മേലധികാരിയുടെ നിരാക്ഷേപപത്രം സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സംസ്ഥാന ഔഷധസസ്യ ബോർഡ്, ഷൊർണൂർ റോഡ്, തിരുവമ്പാടി പോസ്റ്റ്, തൃശൂർ 680022 വിലാസത്തിൽ ജനുവരി 31 വൈകിട്ട് 5 നകം നൽകണം.



## ബ്രോഷർ പ്രകാശനം ചെയ്തു

**കണ്ണൂർ:** ജനുവരി 22 മുതൽ ഫെബ്രുവരി മൂന്ന് വരെ കണ്ണൂർ പോലീസ് മൈതാനിയിൽ കാനനൂർ അഗ്രി ഹോർട്ടികൾച്ചറൽ സൊസൈറ്റി സംഘടിപ്പിക്കുന്ന കണ്ണൂർ പുഷ്പോത്സവത്തിന്റെ ബ്രോഷർ സൊസൈറ്റി സെക്രട്ടറി പി.വി രത്നാകരന് നൽകി ജില്ലാ ഇൻഫർമേഷൻ ഓഫീസർ പി.പി വിനീഷ് പ്രകാശനം ചെയ്തു. സംഘാടക സമിതി ഭാരവാഹികളായ ഡോ. കെ.സി വത്സല, ടി. വേണുഗോപാലൻ, ഇ.ജി ഉണ്ണികൃഷ്ണൻ എന്നിവർ പങ്കെടുത്തു. കണ്ണൂർ പുഷ്പോത്സവത്തിന്റെ ഉദ്ഘാടനം ജനുവരി 22ന് വൈകീട്ട് ആറ് മണിക്ക് കഥാകൃത്ത് ടി പത്മനാഭൻ നിർവഹിക്കും. ജില്ലാ കലക്ടർ അരുൺ കെ വിജയൻ അധ്യക്ഷനാവും. സംസ്ഥാന കാർഷിക അവാർഡ് ജേതാക്കളെ ചടങ്ങിൽ ആദരിക്കും. കണ്ണൂർ കോർപറേഷൻ മേയർ അഡ്വ. പി ഇന്ദിര, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ എന്നിവർ മുഖ്യാതിഥികളാവും. തുടർന്ന് കണ്ണൂർ വടക്കൻസ് കലയാട്ടം അവതരിപ്പിക്കും.

## അക്കൗണ്ടന്റ് നിയമനം

**പാലക്കാട്:** ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കുടുംബശ്രീ സിഡിഎസുകളിലേക്ക് അക്കൗണ്ടന്റ് തസ്തികയിൽ നിയമനം നടത്തുന്നു. അയൽക്കൂട്ട അംഗമോ ഓക്സിലറി ഗ്രൂപ്പ് അംഗമോ ആയവർക്ക് അപേക്ഷിക്കാം. മണ്ണാർക്കാട് ബ്ലോക്ക് (രണ്ട്), അട്ടപ്പാടി ബ്ലോക്ക് (രണ്ട്), പട്ടാമ്പി ബ്ലോക്ക് (ഒന്ന്) എന്നിങ്ങനെയാണ് ഒഴിവുകളുള്ളത്. അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള ബികോം ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനം, ടാലി യോഗ്യതയും, അക്കൗണ്ടിങ്ങിൽ രണ്ട് വർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. 2025 സെപ്തംബർ ഒന്നിന് 36 വയസ്സ് കവിയരുത്. പട്ടികജാതി, പട്ടികവർഗ്ഗം മറ്റ് പിന്നോക്ക സമുദായങ്ങൾ, ഭിന്നശേഷിക്കാർ, വിധവകൾ എന്നിവർക്ക് പ്രായപരിധിയിൽ ഇളവ് ലഭിക്കും. അപേക്ഷാഫോറം www.kudumbashree.org-ൽ ലഭിക്കും. അപേക്ഷകൾ ജനുവരി 27 വൈകിട്ട് 5 മണിക്കകം ജില്ലാമിഷൻ കോർഡിനേറ്റർ, കുടുംബശ്രീ ജില്ലാമിഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, പാലക്കാട് 678001 എന്ന വിലാസത്തിൽ ലഭ്യമാക്കണമെന്ന് ജില്ലാ മിഷൻ കോർഡിനേറ്റർ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# പരമ്പരാഗത അറിവുകൾ എഐ യുഗത്തിലും നിർണായകം

**കൊച്ചി:** പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നതിനെ കുറിച്ചുള്ള പരമ്പരാഗതമായ അറിവുകൾ ആധുനിക യുഗത്തിലും ഏറെ പ്രാധാന്യമർഹിക്കുന്നുവെന്ന് കൊച്ചി ബിനാലെയോട് അനുബന്ധിച്ചു നടന്ന ചർച്ച അഭിപ്രായപ്പെട്ടു. ഏഷ്യയിലെ വിവിധ സ്ഥലങ്ങളിലെ മനുഷ്യരുടെ ജീവിതം, അവരുടെ യാത്രകൾ, അറിവുകൾ എന്നിവയെക്കുറിച്ച് ഗവേഷകരും കലാകാരന്മാരും സംസാരിച്ചു. ഫോർട്ട് കൊച്ചി ബാസ്റ്റ്യൻ ബംഗ്ലാവിലെ ബിനാലെ പവലിയനിലായിരുന്നു പരിപാടി. സാറ സ്നൈഡർമാൻ, ധ്രുബജിത് ശർമ്മ, സോം സുപാപരിണ്യ, രുചിക നേഗി, അമിത് മഹന്തി, ബാസിക് ത്‌ലാന എന്നിവരാണ് ഈ ചർച്ചയിൽ പങ്കെടുത്തത്. നാം ഓരോരുത്തരും നമ്മുടെ അറിവുകൾ മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കാൻ തുടങ്ങുമ്പോഴാണ് അതിനെക്കുറിച്ച് കൂടുതൽ ചിന്തിക്കുന്നതെന്ന് സാറ സ്നൈഡർമാൻ പറഞ്ഞു. വായ്മൊഴിയായി പകർന്നു കിട്ടുന്ന നാടൻ കഥകൾക്കും പാട്ടുകൾക്കും വലിയ ശക്തിയുണ്ടെന്നും എന്നാൽ അവ പുസ്തകങ്ങളായി എഴുതി വെക്കുമ്പോൾ ആ പഴയ സ്വാഭാവികത നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്നും അവർ ചൂണ്ടിക്കാട്ടി. രാഷ്ട്രീയ പ്രാധാന്യമുള്ള കലാരചനകളിൽ ഏർപ്പെടുന്നവർ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് രുചിക നേഗി സംസാരിച്ചു. തായ്‌ലൻഡിൽ നിന്നുള്ള സോം സുപാപരിണ്യ അവിടത്തെ പുതിയ വികസന പ്രവർത്തനങ്ങൾ സാധാരണക്കാരുടെ ജീവിതത്തെയും പ്രകൃതിയെയും എങ്ങനെയാണ് ബാധിച്ചതെന്ന് വിവരിച്ചു. പണ്ടുകാലത്ത് വെള്ളപ്പൊക്കത്തെ നേരിട്ടിരുന്ന രീതികൾ ഇപ്പോൾ ആളുകൾ മറന്നുപോയെന്നും പുതിയ അതിരുകൾ വന്നതോടെ പലർക്കും സ്വന്തം നാടുവിടേണ്ടി വരുന്നുവെന്നും അവർ പറഞ്ഞു.

സൊമിയ എന്നത് വെറുമൊരു സ്ഥലപ്പേരല്ല, മറിച്ച് മനുഷ്യരുടെ അതിജീവനത്തിന്റെയും പോരാട്ടത്തിന്റെയും കഥയാണെന്ന് ധ്രുബജിത് ശർമ്മ, അമിത് മഹന്തി, ബാസിക് ത്‌ലാന എന്നിവർ ഉൾപ്പെടെ ഈ ചർച്ചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.



# ലഹരിമുക്ത സന്ദേശവുമായി ചെറായി ബീച്ച് മാരത്തൺ

**കൊച്ചി:** ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും ചെറായി റണ്ണേഴ്സ് ക്ലബ്ബും സംയുക്തമായി സംഘടിപ്പിച്ച ചെറായി ബീച്ച് മാരത്തൺ സീസൺ 3 സമാപിച്ചു. ജില്ലാ കളക്ടർ ജി. പ്രിയങ്ക ഫ്ലാഗ് ഓഫ് ചെയ്തു. ലഹരിമുക്തം, ആരോഗ്യ സംരക്ഷണം എന്നീ സന്ദേശങ്ങൾ ഉയർത്തിപ്പിടിച്ചാണ് ഇത്തവണ മാരത്തൺ സംഘടിപ്പിച്ചത്. 21 കിലോമീറ്റർ, 10 കിലോമീറ്റർ, 5 കിലോമീറ്റർ ഫൺ റൺ എന്നീ വിഭാഗങ്ങൾക്ക് പുറമെ, ഭിന്നശേഷിക്കാർക്കായി പ്രത്യേകം സംഘടിപ്പിച്ച സ്പെഷ്യൽ റണ്ണും ശ്രദ്ധേയമായി.പള്ളിപ്പുറം പഞ്ചായത്ത് പ്രസിഡന്റ് ജയൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡോ. കെ.കെ ജോഷി,ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മനു കുഞ്ഞുമോൻ, ഡി.ടി.പി.സി സെക്രട്ടറി ലിജോ ജോസഫ്, ആർ.ടി.ഒ ബിജു ഐസക്, റണ്ണേഴ്സ് ക്ലബ് പ്രസിഡന്റ് ജസ്റ്റിൻ, മാരത്തൺ കൺവീനർ രാജീവ്, സുനിൽകുമാർ, ബാലൻ തുടങ്ങിയവർ സംസാരിച്ചു.

# പശ്ചിമ കൊച്ചിയിലെ കുടിവെള്ളക്ഷാമം: ജനുവരി 30 നകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി :** പശ്ചിമ കൊച്ചിയിലേക്കുള്ള കുടിവെള്ളം വെട്ടിക്കുറച്ചതു കാരണം പെരുമ്പടപ്പ്, പള്ളുരുത്തി, കണ്ണമാലി, ചെല്ലാനം മേഖലകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കണമെന്ന നാട്ടുകാരുടെ ആവശ്യത്തിൽ മനുഷ്യാവകാശ കമ്മീഷൻ ഇടപെടുന്നു. ജല അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ അടിയന്തരമായി പരാതി പരിശോധിച്ച് ജനുവരി 30 നകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ആവശ്യപ്പെട്ടു. പള്ളുരുത്തി മരുന്നുകട കുടിവെള്ള ടാങ്കിൽ നിന്നും പൂർണ സജ്ജമായ രീതിയിൽ കുടിവെള്ളം പമ്പ് ചെയ്യണമെങ്കിൽ 12 എം. എൽ.ഡി. ശുദ്ധജലം ആവശ്യമാണ്. എന്നാൽ ഏഴ് എം.എൽ.ഡി ശുദ്ധജലം പോലും ഈ ടാങ്കിലേക്ക് ലഭിക്കുന്നില്ലെന്ന് പരാതിക്കാരനായ മനുഷ്യാവകാശ പ്രവർത്തകൻ തമ്പി സുബ്രഹ്മണ്യൻ പറഞ്ഞു. പെരുമ്പടപ്പ്, പള്ളുരുത്തി മേഖലകളിൽ ശുദ്ധജലം ലഭിക്കാത്തതിന്റെ കാരണം ഇതാണെന്നും പരാതിയിൽ പറയുന്നു. ജല അതോറിറ്റി കുടിവെള്ളം നഗരത്തിലേക്ക് വഴി തിരിച്ചു വിടുന്നതു കാരണമാണ് ഈ സാഹചര്യമുണ്ടായതെന്നും പരാതിയിൽ പറഞ്ഞു.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് കീഴിലുള്ള വിവിധ യൂണിറ്റുകളുടെ നടത്തിപ്പിനായി താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ദർബാർ ഹാൾ ഗ്രൗണ്ട്, എറണാകുളം ബോട്ട് ജെട്ടി എന്നിവിടങ്ങളിലെ വാഹന പാർക്കിംഗ് ഫീസ് പിരിവിനും, ദർബാർ ഹാൾ ഗ്രൗണ്ടിലെ സെക്യൂരിറ്റി സേവനത്തിനുമായാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. ജനുവരി 29 വരെ ടെൻഡറുകൾ സമർപ്പിക്കാം.

## വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ആശുപത്രി വികസന സമിതി അനസ്തീഷ്യ വിഭാഗത്തിലേക്ക് അനസ്തീഷ്യ ടെക്നീഷ്യൻ ട്രെയിനി തസ്തികയിൽ താത്കാലിക നിയമനം നടത്തുന്നു. പ്ലസ് ടു സയൻസ്, ഡിപ്ലോമ ഇൻ ഓപ്പറേഷൻ തിയേറ്റർ ആൻഡ് അനസ്തീഷ്യ ടെക്നോളജി എന്നിവയോടൊപ്പം ഡി.എം.ഇ രജിസ്ട്രേഷനുമാണ് യോഗ്യത. 01.01.2026ൽ 18നും 36നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വയസ്സ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പുകളും സഹിതം ജനുവരി 28ന് എറണാകുളം മെഡിക്കൽ കോളേജിലെ അനസ്തീഷ്യ വിഭാഗത്തിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതാണ്.

## സംസ്കൃത സർവ്വകലാശാലയിൽ ത്രിദിന ഇന്റർനാഷണൽ കോൺഫറൻസ് 26ന് തുടങ്ങും

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം സാഹിത്യം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പി. എസ്. സുബ്ബരാമ പട്ടർ എൻഡോവ്മെന്റ് ത്രിദിന ഇന്റർനാഷണൽ കോൺഫറൻസ് ജനുവരി 26ന് കാലടി മുഖ്യ കാമ്പസിലുള്ള അക്കാദമിക് ബ്ലോക്കിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. 'ഇൻഡോളജിക്കൽ റിസർച്ചിന്റെ പുതിയ ചക്രവാളങ്ങൾ' എന്നതാണ് കോൺഫറൻസിന്റെ വിഷയം.

## ദ്വിദിന ദേശീയ ശില്പശാല 22ന്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സെന്റർ ഫോർ മ്യൂസിയം സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ കാലടി മുഖ്യകാമ്പസിലെ ലാംഗ്വേജ് ബ്ലോക്കിലുള്ള സെമിനാർ ഹാളിൽ നടത്തുന്ന ദ്വിദിന ദേശീയ ശില്പശാല ജനുവരി 22ന് ആരംഭിക്കും. 'ക്രാഫ്റ്റിംഗ് ദി ഐഡിയാസ് ഓഫ് യൂണിവേഴ്സിറ്റി മ്യൂസിയം' എന്നതാണ് ശില്പശാലയുടെ വിഷയം. വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി ശില്പശാല ഉദ്ഘാടനം ചെയ്യും. സെന്റർ ഫോർ മ്യൂസിയം സ്റ്റഡീസ് പ്രോഗ്രാം കോഓർഡിനേറ്റർ ഡോ. ആർ. ശർമ്മിള അദ്ധ്യക്ഷയായിരിക്കും. സിൻഡിക്കേറ്റ് അംഗം അഡ്വ. കെ. എസ്. അരുൺ കുമാർ മുഖ്യപ്രഭാഷണം നിർവ്വഹിക്കും. സുബ്രജിത് ബാനർജി, ഡോ. കെ. ജി. സനൽ കുമാർ, എം. കെ. അബ്ദുള്ള മജീദ് എന്നിവർ പ്രസംഗിക്കും. ഡോ. അമിത് സോണി, ഡോ. ബി. വേണുഗോപാൽ, ഡോ. ശീതൾ സിംഗ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

## ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം

**കണ്ണൂർ:** പിണറായി ഐ.ടി.ഐയിൽ ഇലക്ട്രീഷ്യൻ ട്രേഡിൽ നിലവിലുള്ള ഒരു ഒഴിവിൽ ഗസ്റ്റ് ഇൻസ്ട്രക്ടറെ നിയമിക്കുന്നു. ഇലക്ട്രിക്കൽ/ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിൽ ബിരുദവും ഒരു വർഷത്തെ പ്രവൃത്തി പരിചയവും / മൂന്നു വർഷ ഡിപ്ലോമയും രണ്ട് വർഷ പ്രവൃത്തിപരിചയവും / ഇലക്ട്രീഷ്യൻ ട്രേഡിൽ എൻ ടി സി/ എൻ എ സി യും മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവുമുള്ള വിശ്വകർമപ്രയോറിറ്റി വിഭാഗത്തിൽപെട്ടവർക്ക് അപേക്ഷിക്കാം. അവരുടെ അഭാവത്തിൽ നോൺപ്രയോറിറ്റി വിഭാഗത്തെയും ഇവരുടെ അഭാവത്തിൽ എൽ സി / എഐ വിഭാഗത്തിൽപെട്ടവരെയും അവരുടെയും അഭാവത്തിൽ ഓപ്പൺ കാറ്റഗറി പ്രയോറിറ്റി/നോൺ പ്രയോറിറ്റി വിഭാഗത്തെയും പരിഗണിക്കും. ഉദ്യോഗാർഥികൾ യോഗ്യത, മുൻപരിചയം, മുൻഗണന എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും തിരിച്ചറിയൽ കാർഡുമായി ജനുവരി 22ന് രാവിലെ പത്ത് മണിക്ക് കമ്പനിമെട്ടയിലുള്ള പിണറായി ഗവ ഐ.ടി.ഐ ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 04902384160.

## യുവജന കമ്മീഷൻ അദാലത്ത് 22ന്

**കണ്ണൂർ:** സംസ്ഥാന യുവജന കമ്മീഷന്റെ ജില്ലാതല അദാലത്ത് ചെയർപേഴ്സൺ എം. ഷാജറിന്റെ അധ്യക്ഷതയിൽ ജനുവരി 22 ന് രാവിലെ 11 മണിക്ക് കലക്ടറേറ്റ് ഓഡിറ്റോറിയത്തിൽ നടക്കും. 18 നും 40 വയസിനുമിടയിൽ പ്രായമുള്ളവർക്ക് കമ്മീഷൻ മുമ്പാകെ പരാതികൾ സമർപ്പിക്കാം. ഫോൺ: 0471 2308630



# 14 ലക്ഷം യാത്രക്കാർ; കൊച്ചി മെട്രോ ഫീഡർ ബസ് സർവീസിന് ഒരു വയസ്

**കൊച്ചി:** കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ഇലക്ട്രിക് ഫീഡർ ബസ് സർവീസ് മെട്രോ കണക്ടിന് ഒരു വയസ്. കൊച്ചി മെട്രോയിലേക്കും വാട്ടർ മെട്രോയിലേക്കും ലാസ്റ്റ് മൈൽ കണക്ടിവിറ്റി ശക്തിപ്പെടുത്തുന്നതിനായി ആരംഭിച്ച ഇലക്ട്രിക് ബസ് സർവ്വീസ് നഗര ജീവിതത്തിലെ ഒഴിച്ചുകൂടാനവാത്ത സേവനമായി ഒരു വർഷം കൊണ്ട് മാറുകയായിരുന്നു.

2025 ജനുവരി 15ന് ഉദ്ഘാടനം ചെയ്യപ്പെട്ട അർബൻ ഫീഡർ സർവീസിന്റെ പ്രവർത്തനം ജനുവരി 16നാണ് ആരംഭിച്ചത്. മെട്രോ റെയിലും വാട്ടർ മെട്രോയും പൂർണ ശേഷിയിൽ ഉപയോഗിക്കപ്പെടുന്നതിന് യാത്രക്കാർക്ക് തടസ്സമായിരുന്ന കണക്ടിവിറ്റി ഗ്യാപ് നികത്തുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി രൂപകൽപ്പന ചെയ്തത് എങ്കിലും കാര്യക്ഷമമായ സേവനം, സുഖകരമായ യാത്രാനുഭവം, സുരക്ഷിതത്വം എന്നിവയിലൂടെ ഇലക്ട്രിക് ഫീഡർ ബസ് മികച്ച ബദൽ റോഡ് ഗതാഗത ശ്രംഖലയായി വളരുകയായിരുന്നു. സംസ്ഥാന ഗവൺമെന്റിന്റെ സഹകരണത്തോടെ ഫ്രഞ്ച് സ്ഥാപനമായ എ എഫ് ഡിയുടെ സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പാക്കിയത്.ആദ്യ വർഷം തന്നെ ആറ് പ്രധാന റൂട്ടുകളിലായി സർവീസ് വ്യാപിപ്പിക്കുകയും 15 ഇലക്ട്രിക് ബസുകൾ, ഏഴ് ചാർജിങ് യൂണിറ്റുകൾ, ഒരു ഡിപ്പോ എന്നിവയടങ്ങിയ സംവിധാനമായി ഫീഡർ ബസ് സർവ്വീസ് വളരുകയും ചെയ്തു. പ്രതിദിനം ശരാശരി 2,300 കിലോമീറ്റർ സർവീസ് നടത്തുന്ന ഈ സംവിധാനം, ഒരു വർഷത്തിനുള്ളിൽ ഏകദേശം 7 ലക്ഷം കിലോമീറ്റർ പിന്നിട്ടു.

ഈ കാലയളവിൽ 14 ലക്ഷം യാത്രക്കാരാണ് ഇലക്ട്രിക് ഫീഡർ ബസ് സർവീസിന്റെ ഗുണഭോക്താക്കളായത്. ആലുവസിയാൽ എയർപോർട്ട് റൂട്ട് ശ്രദ്ധേയമായ പ്രകടനമാണ് കാഴ്ചവച്ചത്.

മെഡിക്കൽ കോളേജ്, കടവന്ത്രപനമ്പിള്ളി നഗർ, ഹൈക്കോർട്ട് സർക്കുലർ, റൂട്ടുകളും മികച്ച പ്രതികരണമാണ് നേടിയത്. കൊച്ചി മെട്രോയുടെ സമഗ്ര ഗതാഗത ദർശനത്തിലെ സുപ്രധാന ഘടകമാണ് ഇലക്ട്രിക് ഫീഡർ ബസ് സർവീസ്. ആദ്യ വർഷത്തിലെ വിജയം, നല്ല രീതിയിൽ ആസൂത്രണം ചെയ്ത ഇലക്ട്രിക് ഫീഡർ സംവിധാനങ്ങൾ അവസാന മൈൽ കണക്റ്റിവിറ്റി ശക്തിപ്പെടുത്തുന്നതിനൊപ്പം പൊതു ഗതാഗത ഉപയോഗം വർധിപ്പിക്കാനും സുസ്ഥിര നഗരവികസനത്തിന് പിന്തുണ നൽകാനും കഴിയുമെന്ന് തെളിയിക്കുന്നതാണെന്ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ പറഞ്ഞു

ആദ്യ വർഷത്തിലെ പ്രധാന നേട്ടങ്ങളിൽ ഒന്നാണ് ഡാറ്റ അനാലിറ്റിക്സ് അടിസ്ഥാനമാക്കിയുള്ള പ്രവർത്തന ക്രമീകരണം. സർവീസും ചാർജിംഗും ഒപ്റ്റിമൈസ് ചെയ്തതിലൂടെ യാത്രക്കാരിലും വരുമാനത്തിലും 15 ശതമാനം വളർച്ച കൈവരിച്ചു.

ഫെയർ സിസ്റ്റം, ബസ് ടെലിമാറ്റിക്സ്, ചാർജിങ് ഇൻഫ്രാസ്ട്രക്ചർ എന്നിവ ഏകീകരിച്ചുള്ള ഒരു ആധുനിക ഡാറ്റ അനാലിറ്റിക്സ് പ്ലാറ്റ്ഫോമും കെഎംആർഎൽ സജ്ജമാക്കിയിട്ടുണ്ട്. ഗിസ് ഇന്ത്യയും കേന്ദ്ര നഗര വികസന മന്ത്രാലയവും ചേർന്ന് നടപ്പാക്കുന്ന സസ്റ്റെയിനബിൾ മൊബിലിറ്റി ആൻഡ് ക്ലൈമറ്റ് ആക്ഷൻ പ്രോഗ്രാമിന്റെ ഭാഗമായാണ് ഇത് നടപ്പാക്കിയത്.

# പാം ട്രീയുടെ ഔട്‌ലെറ്റ് കോഴിക്കോട് തുറന്നു

**കോഴിക്കോട്:** പ്രമുഖ ഡ്രൈ ഫ്രൂട്സ്, നട്സ്, സീഡ്സ് റീടെയിൽ ശൃംഖലയായ പാം ട്രീ കോഴിക്കോട് ഔട്‌ലെറ്റ് തുറന്നു. കണ്ണൂർ റോഡിൽ വെസ്റ്റ് നടക്കാവ് വണ്ടിപ്പേട്ടയിലെ ഔട്‌ലെറ്റ് പാംട്രീ സ്ഥാപകനും എംഡിയുമായ ഷമീർ കെ സി, ഡയറക്ടർ ഷംനാസ് കെ. സി. എന്നിവരും കുടുംബാംഗങ്ങളും ചേർന്ന് ഉദ്ഘാടനം ചെയ്തു. സിനിമാതാരങ്ങളായ അജു വർഗീസ്, അർജുൻ അശോകൻ, ബാലു വർഗീസ് ഗോവന്ദ പത്മസൂര്യ, അപർണ ദാസ്, അദിതി രവി, ഗോപിക അനിൽ എന്നിവർ വിശിഷ്ടാതിഥികളായി. കോഴിക്കോട് തുറന്ന പുതിയ ഔട്‌ലെറ്റ് കേരളത്തിലെ 19ാമത് പാം ട്രീ ഔട്‌ലെറ്റാണെന്നും വിപണിയിൽ നിന്നുള്ള മികച്ച പ്രതികരണം കണക്കിലെടുത്ത് വമ്പൻ വികസന പദ്ധതിക്കാണ് കമ്പനി ഒരുങ്ങുന്നതെന്നും പാംട്രീ സ്ഥാപകനും എംഡിയുമായ ഷമീർ കെ സി പറഞ്ഞു. ഇതിന്റെ ഭാഗമായി ഈ വർഷം തന്നെ ബംഗളൂരു, ചെന്നൈ എന്നിവിടങ്ങളിലും കൊച്ചി വൈറ്റില ബൈപ്പാസ്, തൃശൂർ, മലപ്പുറം എന്നിവിടങ്ങളിലും പുതിയ ഔട്‌ലെറ്റുകൾ തുറക്കും. 2026 വർഷാവസാനത്തോടെ ഔട്‌ലെറ്റുകളുടെ എണ്ണം കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലുമായി 25 ആക്കാനാണ് ലക്ഷ്യമിടുന്നത്. ഇതോടൊപ്പം യുഎഇയിൽ 5 പുതിയ ഔട്ട്ലെറ്റുകൾ കൂടി ഈ വർഷം പ്രവർത്തനമാരംഭിക്കും.



## ഇന്ത്യയിലെ റൈഡിംഗ് ശീലങ്ങൾ; ഡാറ്റ പുറത്തുവിട്ട് ആഥർ

**കൊച്ചി:** ഇന്ത്യയിലെ ഇലക്ട്രിക് ടുവീലർ റൈഡർമാരുടെ റൈഡിംഗ് ശീലങ്ങളിൽ നഗരങ്ങളനുസരിച്ചുള്ള വ്യക്തമായ വ്യത്യാസങ്ങൾ ആഥർ എനർജിയുടെ 2025 ഇയർഎൻഡ് റൈഡിംഗ് ഇൻസൈറ്റ്സ് റിപ്പോർട്ട് വെളിപ്പെടുത്തുന്നു. അഞ്ച് ലക്ഷത്തിലധികം കണക്റ്റഡ് ആഥർ സ്കൂട്ടറുകളിൽ നിന്നുള്ള ഡാറ്റ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട് പ്രകാരം, ബംഗളൂരുവിലെ റൈഡർമാർ മുംബൈയെ അപേക്ഷിച്ച് നാലിരട്ടിയോളം കൂടുതൽ പാനിക് ബ്രേക്കിംഗ് നടത്തുന്നു. കൽക്കത്തയിൽ മണിക്കൂറിൽ ശരാശരി 131 ഹോങ്കുകൾ രേഖപ്പെടുത്തി ഏറ്റവും ഉയർന്ന ഹോങ്കിംഗ് നിലയാണുള്ളത്. ആഥർസ്റ്റാക്ക് പ്രോ ഉൾപ്പെടെയുള്ള കണക്റ്റഡ് സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ റൈഡിംഗ് സുരക്ഷയിലും ദിനംപ്രതി യാത്രാനുഭവത്തിലും നിർണായക പങ്ക് വഹിക്കുന്നതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.



## എഎസ്എംഇ ഇഎഫ്എക്സ് ഇന്ത്യ 2026 സമാപിച്ചു

**കൊച്ചി :** എഎസ്എംഇ ഫൗണ്ടേഷൻ ഇന്ത്യ സംഘടിപ്പിച്ച ദേശീയ എഞ്ചിനീയറിങ് ഫെസ്റ്റിവലായ ഇഎഫ്എക്സ് ഇന്ത്യ 2026 മൂന്ന് ദിവസത്തെ പഠന, നവീകരണ, സഹകരണ പ്രവർത്തനങ്ങൾക്ക് ശേഷം സമാപിച്ചു. കേരളം, ഒഡീഷ, ഡൽഹി, തെലങ്കാന, ഉത്തർപ്രദേശ് ഉൾപ്പെടെ 19 സംസ്ഥാനങ്ങളിൽ നിന്നുള്ള 700ലധികം എഞ്ചിനീയറിങ് വിദ്യാർത്ഥികളാണ് പരിപാടിയിൽ പങ്കെടുത്തത്. കൈമാറ്റ പരിശീലനവും വ്യവസായ ആവശ്യകതകളുമായി ബന്ധിപ്പിച്ച പ്രശ്ന പരിഹാര സമീപനങ്ങളുമാണ് ഫെസ്റ്റിവലിന്റെ മുഖ്യ ആകർഷണം. അക്കാദമിക രംഗത്തെയും വ്യവസായ മേഖലയിലെയും വിദഗ്ധരുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള വേദിയും ഒരുക്കി. എഐ അധിഷ്ഠിത റോബോട്ടിക്സ് സെഷൻ ശ്രദ്ധേയമായി.

## കുന്നത്ത്നാട് താലൂക്ക് ബാങ്കേഴ്സ് മീറ്റ് പെരുമ്പാവൂരിൽ ജനുവരി 28 ന്

**കൊച്ചി:** വ്യവസായ വാണിജ്യ വകുപ്പിന്റെയും എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ റാംപ് (RAMP) (റൈസിംഗ് ആൻഡ് ആക്സിലറേറ്റിംഗ് എംഎസ് എം ഇ പെർഫോമൻസ് ) പദ്ധതിയുടെ ഭാഗമായി കുന്നത്തുനാട് താലൂക്ക് വ്യവസായ ഓഫീസ്, താലൂക്ക് തല ലോൺ മേള (ബാങ്കേഴ്സ് മീറ്റ് 202526) പെരുമ്പാവൂർ ഇ.എം.എസ് ടൗൺ ഹാളിൽ ജനുവരി 28 ന്‌രാവിലെ 10 ന് നടക്കും. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ ബാങ്ക്, കാനറ ബാങ്ക്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക്, പഞ്ചാബ് നാഷണൽ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, ഫെഡറൽ ബാങ്ക്, ബാങ്ക് ഓഫ് ബറോഡ തുടങ്ങിയ ബാങ്കുകളിലെ പ്രതിനിധികൾ പങ്കെടുക്കും. പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ള സംരംഭകർക്ക് 8136935110 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.



## സ്പെൽ മാസ്റ്റർ ഓഫ് ഇന്ത്യ മത്സരം സമാപിച്ചു

**കൊച്ചി:** മുംബൈയിലെ ബോംബെ സ്കോട്ടിഷ് സ്കൂൾ, പവായിയിലെ പതിനൊന്നുകാരനായ അവിക് അഗർവാൾ SBI ലൈഫ് സ്പെൽ ബി സീസൺ 15ന്റെ ഗ്രാൻഡ് ഫിനാലെയിൽ 'സ്പെൽ മാസ്റ്റർ ഓഫ് ഇന്ത്യ' എന്ന അഭിമാനകരമായ ദേശീയ പദവി സ്വന്തമാക്കി. മിർച്ചിയുമായി ചേർന്ന് സംഘടിപ്പിച്ച മത്സരത്തിൽ രാജ്യത്തെ 300 സ്കൂളുകളിൽ നിന്നായി 1.25 ലക്ഷത്തിലധികം വിദ്യാർത്ഥികൾ പങ്കെടുത്തു. ലക്നോയിലെ കുഷാഗ്ര പാണ്ഡേ ഫസ്റ്റ് റണ്ണർ അപ്പായും ജയ്പൂരിലെ ജാസ്മിൻ ജോൺവാൾ സെക്കൻഡ് റണ്ണർഅപ്പായും പ്രഖ്യാപിക്കപ്പെട്ടു.

# റിപ്പബ്ലിക് ഡേ സെയിലുമായി ക്രോമ

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഇലക്ട്രോണിക്സ് റീട്ടെയിൽ ശൃംഖലയായ ക്രോമ, റിപ്പബ്ലിക് ദിന സെയിൽ പ്രഖ്യാപിച്ചു. സ്മാർട്ട്ഫോണുകൾ, ലാപ്ടോപ്പുകൾ, ടെലിവിഷനുകൾ, ഓഡിയോ ഉത്പന്നങ്ങൾ മറ്റ് ഗൃഹോപകരണങ്ങൾ എന്നിവയ്ക്ക് വൻ ഓഫറുകളാണ് ക്രോമ ഒരുക്കിയിരിക്കുന്നത്. ജനുവരി 26 വരെ എല്ലാ ക്രോമ സ്റ്റോറുകളിലും ഈ ഓഫറുകൾ ലഭ്യമായിരിക്കും.

ബാങ്ക് ക്യാഷ്ബാക്ക്, എക്സ്ചേഞ്ച് ബോണസ്, വിദ്യാർത്ഥികൾക്കുള്ള പ്രത്യേക ഇളവുകൾ, ലളിതമായ ഇഎംഐ സൗകര്യങ്ങൾ എന്നിവ ഈ-സെയിലിന്റെ പ്രത്യേകതയാണെന്ന് കമ്പനി അധികൃതർ അറിയിച്ചു. എച്ച്ഡിഎഫ്സി ടാറ്റ ന്യൂ കാർഡ് ഉപയോഗിക്കുന്നവർക്ക് തിരഞ്ഞെടുത്ത ആപ്പിൾ ഉൽപ്പന്നങ്ങൾക്ക് 10 ശതമാനം വരെ അധിക ലാഭവും ലഭിക്കും.

റിപ്പബ്ലിക് ദിന സെയിലിന്റെ ഭാഗമായി ആപ്പിൾ ഫോണുകൾക്കാണ് വലിയ ആനുകൂല്യങ്ങൾ ലഭിക്കുന്നത്. 82,900 രൂപയ്ക്ക് പുറത്തിറങ്ങിയ ഐഫോൺ 17, ഓഫറുകൾക്ക് ശേഷം 47,990 രൂപയ്ക്ക് ലഭിക്കും. ഈ ഓഫറിൽ പഴയ സ്മാർട്ട്ഫോൺ എക്സ്ചേഞ്ച് ചെയ്യുന്നതിലൂടെ 23,500 രൂപ വരെയുള്ള ഇളവ്, 2000 രൂപ ബാങ്ക് ക്യാഷ്ബാക്ക്, 8000 രൂപ അധിക എക്സ്ചേഞ്ച് ബോണസ് എന്നിവ ഉൾപ്പെടുന്നു. ഇതുപോലെ തന്നെ വിപണിയിൽ 59,900 രൂപ വിലയുള്ള ഐഫോൺ15, 31,990 രൂപയ്ക്കും ലഭ്യമാണ്. പഴയ ഫോണിന് 14,000 രൂപ വരെ എക്സ്ചേഞ്ച് വില, 1,000 രൂപ ബാങ്ക് ക്യാഷ്ബാക്ക്., 4,000 രൂപ എക്സ്ചേഞ്ച് ബോണസ് എന്നിവ ഉൾപ്പെടെയാണിത്. സാംസങ് എസ് 25 മോഡലിലും മികച്ച ഓഫറുകൾ ഉണ്ട്. പഴയ സാംസങ് എസ്24 24,500 രൂപയ്ക്ക് വരെ എക്സ്ചേഞ്ച് ചെയ്യുന്നതിലൂടെ സാംസങ് എസ്25 50,499 രൂപയ്ക്ക് ലഭിക്കും.

croma
A TATA Enterprise

പഴയ സാംസങ് എസ്24 അൾട്ര 43,000 രൂപയ്ക്ക് വരെ എക്സ്ചേഞ്ച് ചെയ്യുന്നതിലൂടെ സാംസങ് എസ്25 അൾട്ര 79,999 രൂപയ്ക്ക് സ്വന്തമാക്കാം. ലാപ്ടോപ്പ് വിഭാഗത്തിലും ക്രോമ മികച്ച ഓഫറുകൾ നൽകുന്നുണ്ട്. മാക്ബുക്ക് എയർ എം4 വിദ്യാർത്ഥികൾക്ക് 55,911 രൂപ എന്ന പ്രത്യേക വിലയിൽ ലഭ്യമാണ്. ഇതിൽ 10,000 രൂപ ബാങ്ക് ക്യാഷ്ബാക്കും 13,000 രൂപ വരെ എക്സ്ചേഞ്ച് വിലയും 10,000 രൂപ എക്സ്ചേഞ്ച് ബോണസും ഉൾപ്പെടുന്നു.

കൂടാതെ 80,067 രൂപ വിലയുള്ള എച്ച്പി ഓമ്നി ബുക്ക്5 എക്സ്ചേഞ്ച് ഡിസ്കൗണ്ടുകൾക്കും ക്യാഷ്ബാക്കിനും ശേഷം 48,130 രൂപയ്ക്ക് ലഭിക്കും. സ്മാർട്ട്ഫോണുകൾക്കും ലാപ്ടോപ്പുകൾക്കും പുറമെ, ക്രോമയുടെ റിപ്പബ്ലിക് ഡേ സെയിൽ വീട്ടുപകരണങ്ങളിലും വിനോദ ഉപകരണങ്ങളിലും ആകർഷകമായ ഓഫറുകൾ നൽകുന്നുണ്ട്. 1,75,000 രൂപ വിലയുള്ള സാംസങ് നിയോ ക്യൂഎൽഇഡി ടിവി 98,990 രൂപയ്ക്ക് ലഭിക്കും. രാജ്യത്തുടനീളമുള്ള എല്ലാ ക്രോമ സ്റ്റോറുകളിലും ഈ റിപ്പബ്ലിക് ദിന ഓഫറുകൾ ലഭ്യമാണെന്നും കമ്പനി അധികൃതർ അറിയിച്ചു.

# പുതിയ ചേതക് സി25 പുറത്തിറക്കി



**കൊച്ചി:** ബജാജ് ഓട്ടോലിമിറ്റഡ്, ചേതക് പോർട്ട്ഫോളിയോയിലെ സ്റ്റൈലിഷും ആധുനികവും യുവത്വവുമുള്ള പുത്തൻ ചേതക് സി25 പുറത്തിറക്കി. ദൈനംദിന യാത്രകൾ ലളിതവും അനായാസവുമാക്കുന്ന പുതിയ ചേതക് സി25 തിരക്കേറിയ തെരുവുകളിലൂടെ എളുപ്പത്തിലും സ്റ്റൈലായും യാത്ര ചെയ്യാൻ അനുയോജ്യമായ രീതിയിലാണ് നിർമ്മിച്ചിരിക്കുന്നത്. 91,399 രൂപ (എക്സ്ഷോറൂം ഡൽഹി) വിലയുള്ള പുതിയ ചേതക് സി25 ഇന്ത്യയിലുടനീളമുള്ള എല്ലാ ചേതക് സ്റ്റോറുകളിലും ലഭ്യമാകുമെന്ന് ബജാജ് ഓട്ടോ ലിമിറ്റഡ് അർബനൈറ്റ് ബിസിനസ് പ്രസിഡന്റ് എറിക് വാസ് പറഞ്ഞു. നവീനവും സമകാലികവുമായ രൂപഭാവത്തിലുള്ള ഒരു നിയോക്ലാസിക് ഡിസൈൻ ശൈലിയിൽ രൂപകൽപ്പന ചെയ്തിട്ടുള്ള ചേതക് സി25 മികച്ച പെയിന്റ് ഫിനിഷോടു കൂടിയ പ്രീമിയം മെറ്റൽ ബോഡി, സിഗ്നേച്ചർ ഡിആർഎൽ ഹെഡ്ലാമ്പ്, മോണോബോഡി നിർമ്മാണം, ആകർഷകമായ നിറങ്ങൾ എന്നിവയോടെ വൃത്തിയുള്ളതും ഒത്തിണക്കമുള്ളതും വ്യക്തമായ പ്രീമിയം ലുക്കും നൽകുന്നു.

യുവത്വമുണർത്തുന്ന സ്ട്രീറ്റ് ആർട്ട് ഗ്രാഫിക്സോടു കൂടിയ 6 വൈബ്രന്റ് നിറങ്ങളിൽ സി25 ലഭ്യമാണ്. 2.5 kWh ബാറ്ററി കരുത്തുള്ള ചേതക് സി25, 113 കിലോമീറ്റർ വരെയുള്ള റേഞ്ച്, മണിക്കൂറിൽ 55 കിലോമീറ്റർ പരമാവധി വേഗത, വെറും 2.25 മണിക്കൂറിനുള്ളിൽ 80% ചാർജിംഗ് എന്നിവ നൽകുന്നു; 25 ലിറ്റർ ബൂട്ട് സ്പേസ്, ഹിൽ ഹോൾഡ് അസിസ്റ്റ്, ഗൈഡ് മി ഹോം, ഡിസ്ക് ബ്രേക്കുകൾ തുടങ്ങിയ പ്രീമിയം ഫീച്ചറുകളാൽ ശാക്തീകരിക്കപ്പെട്ട സി25, സുരക്ഷയും ഉപയോഗക്ഷമതയും വർദ്ധിപ്പിക്കുന്നുവെന്നും എറിക് വാസ് പറഞ്ഞു.




# സി.ഐ.എസ്.എഫ് വന്ദേമാതരം കോസ്റ്റൽ സൈക്ലോത്തോൺ 28 ന് തുടങ്ങും

**കൊച്ചി:** തീരദേശ സുരക്ഷയെക്കുറിച്ചുള്ള അവബോധം ശക്തിപ്പെടുത്തുക, ദേശീയ ഐക്യം പ്രോത്സാഹിപ്പിക്കുക, സാമൂഹ്യ പങ്കാളിത്തം പരിപോഷിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടുള്ള സുപ്രധാന ദേശീയ സംരംഭമായ സി.ഐ.എസ്.എഫ് വന്ദേ മാതരം കോസ്റ്റൽ സൈക്ലോത്തോൺ 2026ന്റെ രണ്ടാം പതിപ്പിന് തുടക്കം കുറിയ്ക്കാൻ സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (ഇകടഎ) ഒരുങ്ങിക്കഴിഞ്ഞതായി ഇകടഎ അജട കക ഇൻസ്പെക്ടർ ജനറൽ ജോസ് മോഹൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ജനുവരി 28ന് ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ നിന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് സൈക്ലോത്തോൺ വെർച്ചലായി ഫ്ളാഗ് ഓഫ് ചെയ്യും. ഇന്ത്യയിലെ എല്ലാ പ്രധാനപ്പെട്ട തീരപ്രദേശങ്ങളിലൂടെയും സഞ്ചരിച്ച് ഫെബ്രുവരി 22ന് കൊച്ചിയിൽ സൈക്ലോത്തോൺ സമാപിക്കുമെന്നും അദ്ദേഹം അദ്ദേഹം വ്യക്തമാക്കി. 25 ദിവസങ്ങൾ കൊണ്ട് 6,553 കിലോമീറ്റർ സഞ്ചരിക്കുന്ന ഈ സൈക്ലിംഗ് പര്യവേഷണം ഇന്ത്യയുടെ പ്രധാന തീരപ്രദേശങ്ങളെ മുഴുവൻ ഉൾക്കൊള്ളുന്നതാണെന്ന് ജോസ് മോഹൻ പറഞ്ഞു. രാജ്യത്ത് ഇതുവരെ നടന്നിട്ടുള്ളതിൽ വെച്ച് ഏറ്റവും വിപുലമായ തീരദേശ സൈക്ലിംഗ് ക്യാമ്പെയിനുകളിൽ ഒന്നാണിതെന്നും അദ്ദേഹം പറഞ്ഞു. സി.ഐ.എസ്.എഫ് സൈക്ലിസ്റ്റുകളുടെ രണ്ട് ടീമുകൾ ഒരേസമയം ഇന്ത്യൻ തീരദേശത്തിന്റെ രണ്ട് അറ്റങ്ങളിൽ നിന്ന് യാത്ര ആരംഭിക്കും. പടിഞ്ഞാറൻ തീരത്ത് ഗുജറാത്തിലെ കച്ചിലുള്ള ലഖ്പത് കോട്ടയിൽ നിന്നും, കിഴക്കൻ തീരത്ത് പശ്ചിമ ബംഗാളിലെ സൗത്ത് 24 പർഗാനാസിലുള്ള ബഖാലിയിൽ നിന്നുമാണ് അവർ യാത്ര ആരംഭിക്കുന്നത്. രാജ്യത്തുടനീളമുള്ള തീരദേശ റോഡുകളിലൂടെ സഞ്ചരിച്ച ശേഷം ഇരു ടീമുകളും ഫെബ്രുവരി 22 ന് കേരളത്തിലെ കൊച്ചിയിൽ സംഗമിക്കും.65 വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെ ആകെ 130 സി ഐ എസ് എഫ് ഉദ്യോഗസ്ഥർ സൈക്ലോത്തോണിൽ പങ്കെടുക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇതിൽ പത്ത് സൈക്ലിസ്റ്റുകൾ കേരളത്തിൽ നിന്നുള്ളവരായിരിക്കും.'സുരക്ഷിത തീരം, സമൃദ്ധ ഭാരതം' എന്ന പ്രമേയത്തിലാണ് സൈക്ലോത്തോൺ സംഘടിപ്പിക്കുന്നത്

സി ഐ എസ് എഫ് കൊച്ചി എയർപോർട്ട് സീനിയർ കമാൻഡന്റ് നാഗേന്ദ്ര ദേവ്രാരി, കൊച്ചി സി ഐ എസ് എഫ് ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ് സീനിയർ കമാൻഡന്റ് അനൂപ് സിൻഹ, സി ഐ എസ് എഫ് ഡെപ്യൂട്ടി കമാൻഡന്റ് രാംദാസ് എം, പ്രസ് ഇൻഫർമേഷൻ ബ്യൂറോ കൊച്ചിയുടേയും ഓൾ ഇന്ത്യ റേഡിയോ കൊച്ചിയുടേയും ഡയറക്ടർ ധന്യ സനൽ കെ തുടങ്ങിയവരും വാർത്താ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com